"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം-കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് II ശ്രീ.ബിജു.കെ.ജി യ്ക്ക് കെ.എസ്.ആർ ഭാഗം I, ചട്ടം 88 (ii) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2524/2025/LSGD തീയതി,തിരുവനന്തപുരം, 18-10-2025

---

പരാമർശം:-

1. സർക്കുലർ നം. 36/94/ധന. തീയതി 14.06.1994.
2. സ.ഉ(പി)നം.124/2017/ധന. തീയതി 22/09/2017.
3. ശ്രീ.ബിജു.കെ.ജി യുടെ 06.06.2023 ലെ അവധി അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.12.2024ലെ LSGD/PD/33784/2024-DEE5 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് II ശ്രീ.ബിജു.കെ.ജി യ്ക്ക് കിഡ്നി മാറ്റി വയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് 07.12.2022 മുതൽ 05.06.2023 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് II ശ്രീ.ബിജു.കെ.ജി-യിൽ നിന്നും പ്രത്യേക ആകസ്മിക അവധി അപേക്ഷ വാങ്ങിയതിനു ശേഷം, കെ.എസ്. ആർ., ഭാഗം ഒന്ന്, അനുബന്ധം VII, ചട്ടം 19-C പ്രകാരം 07.12.2022 മുതൽ, പൊതു അവധി ദിവസങ്ങൾ ഒഴിവാക്കി, 90 ദിവസത്തേക്ക് പ്രത്യേക ആകസ്മിക അവധി അനുവദിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി കൊണ്ടും 05.06.2023 വരെയുള്ള ബാക്കി കാലയളവിലേക്ക്, പ്രസ്തുത കാലയളവ് 3 മാസത്തിൽ അധികരിക്കാത്തതിനാൽ, ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 88 (ii) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കണ്ണൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ.ബിജു.കെ.ജി, ഡ്രൈവർ ഗ്രേഡ് 2, കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ധന വകുപ്പ് (26.08.2025ലെ ധെവ-1/24/2025/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(119/ഇപിഎ2/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 18-10-2025 18:08:19